(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കുട്ടിരിപ്പുകാരായുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഭക്ഷണം നൽകുന്ന പദ്ധതി

1 (6151) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ രോഗികളുടെ കൂട്ടിരിപ്പുകാരായുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഭക്ഷണം നൽകുന്ന പദ്ധതികളെന്തെങ്കിലും നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിന് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(സി) സന്നദ്ധ സംഘടനകൾ ഈ വഴിക്കു നടത്തുന്ന സൗജന്യ സേവനം തടയുന്നതിന് ആശുപത്രികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കാന്റീൻകാരും, ഭക്ഷണ വിൽപ്പനക്കാരും ശ്രമിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ)&(ബി)

ഭാരതീയ ചികിത്സാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ കിടപ്പു രോഗികൾക്കും, പട്ടിക വിഭാഗത്തിലെ കൂട്ടിരിപ്പുകാർക്കും നിലവിൽ ഭക്ഷണം നൽകുന്നുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന് കീഴിലുള്ള കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന കോഴിക്കോട് മെഡിക്കൽ കോളേജിൽ 'ഹംഗർ ഫ്രീ സിറ്റി' പദ്ധതിയുടെ ഭാഗമായി ഉച്ചഭക്ഷണം നൽകുന്നുണ്ട്. ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

എക്സ്റേ യൂണിറ്റുകളിലെ സുരക്ഷാ പാളിച്ചകൾ

2 (6152) ശ്രീ. കെ. കുട്ടി. അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രോഗികൾക്കും ജീവനക്കാർക്കും ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന സുരക്ഷാപാളിച്ചകൾ സംസ്ഥാനത്തെ മിക്ക മെഡിക്കൽ കോളേജുകളിലെയും എക്സ്റേ യൂണിറ്റുകളിൽ ഉണ്ടെന്ന് റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റ് കണ്ടെത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly